

# പരമകാരുണ്യ സ്നേഹപ്രവാചകൻ

*ജോയി ചെഞ്ചേരിൽ എംസിബിഎസ്*

പരമകാരുണ്യത്തിന്റെ സ്നേഹപ്രവാചകാ-
പ്രിയ കുറ്റിക്കലച്ചാ
പാദാരവിന്ദത്തിലെൻ പ്രണാമം!

വിണ്ണേറിയ വിശുദ്ധ ചുംബനമേ
ഇല്ല മരണം നിനക്കും നിൻ മഹിതപ്രയാണത്തിനും!

ദിവ്യകാരുണ്യപ്രേഷിത സഭതൻ നിർവ്വചനമേ,
ഭാരതസഭ തന്നഭിമാനമേ,
കേരള മണ്ണിന്റെ പൊൻ വിളക്കേ,
വിണ്ണേറുക, നിത്യവിരാജിത ജയമുടി ചൂടുക!

ആകാശപ്പറവകൾക്കപ്പനായ് അപ്പമായ്
ആരുമില്ലാത്തവർക്കത്താണിയായ്
കരയുന്ന തെരുവിന്റെ കണ്ണുനീരൊപ്പി നീ
വലയുന്ന മക്കൾക്കു തണലുമായി!
മക്കളെന്നവരെ വിളിച്ചു, മാനിയായവരെക്കരുതി-
ക്കുളിപ്പിച്ചുടുപ്പിച്ചുറങ്ങി നീയവരോടൊപ്പം
കരുണതൻ മടിത്തട്ടിലവരെക്കിടത്തി നീ
മാനവസ്നേഹത്തിൻ വാനമ്പാടി!

ജാതി ചോദിച്ചില്ല, മതമാരാഞ്ഞില്ല
മനുഷ്യരാണവരെന്നറിഞ്ഞു, മണ്ണോളം താഴ്ന്ന-
വർതൻ പാദങ്ങൾ ചുംബിച്ചു
വിണ്ണോളമവരെയുയർത്തി!

ദിവ്യകാരുണ്യത്തിൻ താപസാ കുറ്റിക്കലച്ചാ
സ്വയം മറന്ന്, സമയം പോവതറിയാതെ
നീ ചെയ്ത വിശുദ്ധ ബലിയർപ്പണങ്ങൾ!
തീക്ഷ്ണതയാലെരിഞ്ഞ നിൻ സുവിശേഷ ഘോഷണങ്ങൾ

മലയിലും മഴയിലും വെയിലിലും മുട്ടുകുത്തി
രാപ്പകൽ കൈവിരിച്ചർപ്പിച്ച ത്യാഗസൂനങ്ങൾ!
സഭയാണമ്മയെന്നടിയുറച്ചുദ്ഘോഷിച്ചു നീ
സന്ന്യാസ ബോധ്യങ്ങൾ!
ദിവ്യകാരുണ്യസവിധേ വ്യയം ചെയ്ത നിൻ
പ്രാർത്ഥനാനിഷ്ഠകൾ!
സർവ്വം ത്യജിച്ച നിൻ ജീവിത ലാളിത്യം!
ഭയമേശാതെ സത്യം പ്രഘോഷിച്ച പ്രവാചകത്വം!
ചിരിച്ചുകൊണ്ടെല്ലാം നേരിട്ട നിൻ വിശ്വാസപക്വത!
ഏവരെയും ഹൃദയത്തിൽ ശ്രവിച്ച നിൻ സഹിഷ്ണുത!
എല്ലാരെയും ചേർത്താശ്ലേഷിച്ച നിൻ മാനവസ്നേഹം!
നീതിക്കുവേണ്ടി നിലകൊണ്ട നിൻ സാമൂഹ്യ പ്രതിബദ്ധത!

പ്രിയ സോദരാ കുറ്റിക്കലച്ചാ

നിന്നെപ്പോലാരറിഞ്ഞു ക്രിസ്തുവെ?
നിന്നെപ്പോലാരു ജീവിച്ചു സുവിശേഷം?
നിന്നെപ്പോലാരു ധ്യാനിച്ചു സഭാപ്രബോധനങ്ങൾ?
നിന്നെപ്പോലാരു സ്നേഹിച്ചു പാവങ്ങളെ?
നിന്നെപ്പോലാരു ജീവിച്ചു ദിവ്യകാരുണ്യം?
നിന്നെപ്പോലാരറിഞ്ഞു വിശുദ്ധരെ?
നിന്നെപ്പോലാരുജീവിച്ചു വിശുദ്ധമായ്?

നോക്കിൽ നീയൊരു ക്രിസ്തു!
വാക്കിൽ നീയൊരേലിയ!
പ്രാർത്ഥനയിൽ നീ മോശ!
നടപ്പിൽ ഫ്രാൻസിസ് അസ്സീസി!
ബലിയർപ്പണത്തിൽ പാദ്രെപിയൊ!
സഹനത്തിൽ നീ അൽഫോൻസാമ്മ!
എളിമയിൽ നീയൊരു കൊച്ചുത്രേസ്യ!
കരുണയിൽ എന്നും മദർതെരേസാ!

ദിവ്യകാരുണ്യപ്രേഷിതത്വത്തിൽ നീ ആലക്കളത്തിലച്ചൻ
ദിവ്യകാരുണ്യസാന്നിധ്യലഹരിയിൽ നീ പറേടത്തിലച്ചൻ

**പാവങ്ങൾക്കൊരമ്മ മദർ തെരേസയെങ്കിൽ**
**പാവങ്ങൾക്കൊരപ്പൻ കുറ്റിക്കലച്ചൻ!**

അൾത്താരകളിൽ നിന്റെ സ്മരണകളുയരുന്ന
വിശുദ്ധനാളുകൾ വിദൂരമല്ലെന്ന പ്രാർത്ഥനയോടെ
ഞങ്ങളർപ്പിക്കുന്നങ്ങേക്കായ്
ഒരായിരം സ്നേഹചുംബനങ്ങൾ!